കുട്ടനാട്ടിൽ വൈദ്യുതി പ്രസരണവും വിതരണവും കാര്യക്ഷമമാക്കുന്നതിന് നടപടി

20 [331] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ വൈദ്യുതി പ്രസരണവും വിതരണവും കാര്യക്ഷമമാക്കുന്നതിനും ലൈനുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് നടപടി ആയിട്ടുണ്ടോ;

(ബി) ദീർഘകാലമായി നവീകരണ പ്രവർത്തനങ്ങൾ നടത്താത്തതുമൂലം മഴക്കാലത്ത് അപകടങ്ങൾ ഉണ്ടാകുന്നതിന് സാദ്ധ്യത ഉണ്ടെന്നതും സമുദ്രനിരപ്പിനു താഴെ കൃഷി ചെയ്യുന്ന പ്രദേശമാകയാൽ ഡിവാട്ടറിംഗിന് തുടർച്ചയായി നല്ല വോൾട്ടേജിൽ വൈദ്യുതി ലഭിക്കണമെന്ന വസ്തുത പരിഗണിച്ചും ഇതിനാവശ്യമായ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) കുട്ടനാട്ടിൽ വൈദ്യുതി പ്രസരണം കാര്യക്ഷമമാക്കുന്നതിന് എടത്വയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷനും തകഴി, കിടങ്ങറ എന്നിവിടങ്ങളിൽ ഓരോ 33 കെ.വി. സബ്സ്റ്റേഷനുകളും നിർമ്മിക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. ഇവയിൽ എടത്വയിലും തകഴിയിലും സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കിടങ്ങറയിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ട സ്ഥലം കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ മേഖലയിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി 7.596 കോടിരൂപയുടെ താഴെപ്പറയുന്ന പ്രവൃത്തികൾ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി പ്രകാരം 2005-07 കാലയളവിൽ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

25 കെ. വി. ട്രാൻസ്ഫോർമറുകൾ	...	214 എണ്ണം.
11 കെ. വി. ലൈൻ	...	234.85 കി. മീ.
എൽ. റ്റി. ത്രീഫേസ് ലൈൻ	...	11.4 കി. മീ.
എൽ. റ്റി. സിംഗിൾ ഫേസ് ലൈൻ	...	45.6 കി. മീ.

ഈ പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി കുട്ടനാടൻ മേഖലയിൽ നല്ല വോൾട്ടേജിൽ വൈദ്യുതി വിതരണം സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly